**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 593** **06-12-2022 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണ കാലതാമസം കാരണം തുടർ നടപടികൾ നിർത്തി വച്ചു. ബിഡ്ഡിംങ് പ്രക്രിയയിലൂടെ പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ